## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ക്രമം.

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജ് - പൊതു വിഭാഗത്തിലെ അദ്ധ്യാപകരെ സ്ഥലം മാറ്റം നൽകി കൊണ്ട് ഉത്തരവാകുന്നു

---

ഉത്തരവ് നം: എ1/40145/2016/കോ.വി.വ തീയതി : 17.11.2016

---

പരാമർശം :- സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 31.10.2016-ലെ LI/12926/16/ D.T.E നമ്പർ കത്ത്

### ഉത്തരവ്

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിലെ ഡിപ്ലോമ കോഴ്സുകൾക്ക് 2016-17 വർഷത്തിൽ എ.ഐ.സി.ടി.ഇയുടെ അംഗീകാരം ലഭിക്കാതിരുന്നതിനാൽ 2016-17 അദ്ധ്യയന വർഷത്തിൽ ഒന്നാം വർഷ ഡിപ്ലോമ കോഴ്സുകൾക്ക് അഡ്മിഷൻ നടത്താൻ കഴിഞ്ഞിട്ടില്ലെന്നും, ആകയാൽ ഒന്നാം വർഷ ഡിപ്ലോമ കോഴ്സുകളിൽ കൈകാര്യം ചെയ്തുവരുന്ന ഇംഗ്ലീഷ്, മാത്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ പൊതു വിഭാഗത്തിലെ അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ലെന്നും പരാമർശ പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പൊതു വിഭാഗത്തിലെ ഒന്നാം വർഷ ഡിപ്ലോമ കോഴ്സുകളിലെ വിഷയങ്ങൾ കൈകാര്യം ചെയ്തുവരുന്ന അദ്ധ്യാപകരുടെ സേവനം നിലവിൽ ഒഴിവുള്ള മറ്റ് സ്ഥാപനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനായി ചുവടെ സൂചിപ്പിക്കുന്ന അദ്ധ്യാപകരെ അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ.നം | പേരും, തസ്തികയും | സ്ഥലം മാറ്റം ലഭിച്ച സ്ഥാപനം |
|---|---|---|
| 1. | ശ്രീ.അജിത് പ്രസാദ്.കെ,<br>അസിസ്റ്റന്റ് പ്രൊഫസർ, കെമിസ്ട്രി | ഗവണ്മെന്റ് കോളേജ്, ആറ്റിങ്ങൽ<br>(നിലവിലെ ഒഴിവിൽ) |
| 2. | ഡോ.മുഹമ്മദ് അബ്ദുൾ ഖാദർ<br>അസിസ്റ്റന്റ് പ്രൊഫസർ, കെമിസ്ട്രി | ഗവണ്മെന്റ് പോളിടെക്നിക് കോളേജ്, ആറ്റിങ്ങൽ<br>(നിലവിലെ ഒഴിവിൽ) |
| 3. | ശ്രീമതി.അനിതാകുമാരി.എസ്.എസ്,<br>അസിസ്റ്റന്റ് പ്രൊഫസർ, ഗണിതം | ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ് ബാർട്ടൺഹിൽ, തിരുവനന്തപുരം<br>(നിലവിലെ ഒഴിവിൽ) |

| | | |
|---|---|---|
| 4. | ശ്രീ.അജിത്കുമാർ.ജെ.എസ്,<br>അസിസ്റ്റന്റ് പ്രൊഫസർ, ഇംഗ്ലീഷ് | ഗവണ്മെന്റ് വനിതാ കോളേജ്<br>തിരുവനന്തപുരം<br>(നിലവിലെ ഒഴിവിൽ) |
| 5. | ശ്രീമതി.ദീപാറാണി.എസ്,<br>അസിസ്റ്റന്റ് പ്രൊഫസർ, ഫിസിക്സ് | ആർ.ഐ.റ്റി.എഞ്ചിനീയറിംഗ്<br>കോളേജ്, കോട്ടയം<br>(നിലവിലെ ഒഴിവിൽ) |
| 6. | ശ്രീ.സാജൻ.പി.ഷംസുദീൻ,<br>അസിസ്റ്റന്റ് പ്രൊഫസർ, ഫിസിക്സ് | ഗവണ്മെന്റ് പോളിടെക്നിക്<br>കോളേജ്, പാലാ, കോട്ടയം<br>(നിലവിലെ ഒഴിവിൽ) |

മേൽ സൂചിപ്പിച്ചിരിക്കുന്ന അദ്ധ്യാപകർ ഈ ഉത്തരവ് ലഭിച്ച് ഉടനടി വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റം ലഭിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതും, യഥാസമയം വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

അടുത്ത പൊതുസ്ഥലം മാറ്റം വരുമ്പോൾ ടി അദ്ധ്യാപകരെ അവരവർക്ക് അർഹതപ്പെട്ട സ്ഥലങ്ങളിലേയ്ക്ക് സ്ഥലം മാറ്റത്തിനായി പരിഗണിക്കുന്നതാണ്.

ഒപ്പ്/-
പി.ഐ.ഷെയ്ക്ക് പരീത്, ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. ബന്ധപ്പെട്ട ജീവനക്കാർക്ക്
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ
4. അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, കോട്ടയം
5. കരുതൽ ഫയൽ / ഓഫീസ് ഫയൽ.

/അംഗീകാരത്തോടെ/
സൂപ്രണ്ട്
19/11/16

പി.ജി:17.11.2016